പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2950 **29-10-2026-ൽ മറുപടിയ്ക്ക്**

കഴക്കൂട്ടം മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കഴക്കൂട്ടം മണ്ഡലത്തിലെ ചാവടി മുക്ക്- മൺവിള- കുളത്തൂർ- കഴക്കൂട്ടം റോഡ് കഴിഞ്ഞ രണ്ടര വർഷക്കാലമായി സഞ്ചാരയോഗ്യമല്ലാതെ തകർന്നു കിടക്കുന്നതും ബസ് സർവീസുകൾ ഉൾപ്പെടെ നിർത്തിവയ്ക്കപ്പെട്ട അവസ്ഥയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ തൽസ്ഥിതി വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാവടിമുക്ക് മുതൽ ചെയിനേജ് 1/100 വരെയുള്ള ഭാഗത്ത് ബഡ്ജറ്റ് വർക്ക് നിലനിന്നിരുന്നു. AGP-യുടെയും KWA-യുടെയും പൈപ്പ് ഇടുന്ന പ്രവൃത്തികൾ നിലനിന്നിരുന്നതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ കോൺട്രാക്ടറിനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്തു. ബാലൻസ് പ്രവൃത്തിയുടെ ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ചാവടിമുക്ക് മുതൽ കളത്തൂർ വരെയുള്ള ഭാഗത്ത് RC പ്രവൃത്തിയിൽ ഉൾപ്പെടുന്ന patch വർക്കുകൾ ചെയ്ത് റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ ഭാഗത്ത് കൂടി ബസ് സർവ്വീസ് തുടരുകയും ചെയ്യുന്നു.

(ബി) തിരുവനന്തപുരം എൻജിനീയറിങ് കോളേജ് ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ടെക്നോപാർക്ക്, ഐടി പാർക്കുകൾ,ടെക്നോ സിറ്റി എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും പൊതുജനങ്ങളും ഉപയോഗിക്കുന്ന ഈ റോഡ് ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയ്ക്ക് കാരണക്കാരായ വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും എതിരെ കുറ്റകരമായ അനാസ്ഥയ്ക്ക് നടപടി സ്വീകരിക്കുമോ;

മറുപടി: മുക്കോലയ്ക്കൽ മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്ത് KWA severage വിഭാഗത്തിന്റെയും AGP-കമ്പനിയുടെയും പൈപ്പിടീൽ മൂലമാണ് പ്രസ്തുത ഭാഗത്തെ റോഡ് സഞ്ചാര യോഗ്യമല്ലാതായത്. തൻമൂലം ബസ് സർവ്വീസുകൾ വഴി തിരിച്ചുവിടുകയും ചെയ്തിരുന്നു. നിലവിൽ പ്രസ്തുത ഭാഗത്തെ റെസ്റ്റോറേഷൻ പ്രവൃത്തി project division KWA-യാണ് നിർവ്വഹിക്കുന്നത്.

(സി) ഈ റോഡ് എത്ര ദിവസത്തിനുള്ളിൽ യാത്രായോഗ്യമാക്കാനാകും എന്ന് വ്യക്തമാക്കാമോ;

മറുപടി: AGP-യുടെയും KWA-യുടെയും പ്രവൃത്തികൾ തീർത്തതിന് ശേഷം മാത്രമേ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഉള്ളൂർ മുതൽ കഴക്കൂട്ടം വരെയുള്ള പഴയ എൻ.എച്ച്. റോഡ് വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ മൂലം തകർന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വീകരിച്ച പരിഹാര നടപടികൾ വ്യക്തമാക്കാമോ?

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കഴക്കൂട്ടം മണ്ഡലത്തിലെ ഉള്ളൂർ മുതൽ കഴക്കൂട്ടം വരെയുള്ള റോഡിൽ റോഡ് കട്ടിങ്ങിന്റെ്റെ റെസ്റ്റോറേഷൻ (Restoration) പ്രവർത്തി കേരള വാട്ടർ അതോറിറ്റി തന്നെ നിർവഹിക്കണം എന്ന വ്യവസ്ഥയിലാണ് അനുമതി നൽകിയിട്ടുള്ളത്. റോഡിന്റെ്റെ റെസ്റ്റോറേഷൻ പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കണം എന്ന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ